പതിനാലാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2686 6/02/2018 ൽ മറുപടിക്ക്

**സംസ്ഥാനത്തേക്ക് എത്തിക്കുന്ന അറവുമാടുകളുടെ പരിശോധന**

ചോദ്യം

**ശ്രീ.കെ.എൻ.എ ഖാദർ:**

മറുപടി

അഡ്വ .കെ.രാജു
(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി).

| | | | |
|---|---|---|---|
| **എ)** | ഇതര സംസ്ഥാനങ്ങളിൽ നിന്ന് കേരളത്തിലേക്ക് എത്തിക്കുന്ന അറവുമാടുകളുടെ ആരോഗ്യസ്ഥിതി ചെക്ക് പോസ്റ്റുകളിൽ പരിശോധിക്കാറുണ്ടോ; | **എ)** | ഉണ്ട്. |
| **ബി)** | ഇപ്രകാരമുള്ള പരിശോധനയ്ക്കായി ചെക്ക്പോസ്റ്റുകളിൽ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ എന്തൊക്കെയാണ്; | **ബി)** | അതിർത്തി കടന്ന് കേരളത്തിലെ വിവിധ ചെക്ക് പോസ്റ്റുകൾ വഴി വരുന്ന എല്ലാ മൃഗങ്ങളെയും ചെക്ക് പോസ്റ്റുകളിൽ ഭൗതിക പരിശോധനയ്ക്ക് വിധേയമാക്കാറുണ്ട്. ഓരോ കൺസൈൻമെന്റുകൾക്കൊപ്പവും കൊണ്ടു വരുന്ന ആരോഗ്യ സർട്ടിഫിക്കറ്റും പരിശോധിച്ച് രോഗമില്ലെന്ന് ഉറപ്പ് വരുത്തിയതിനു ശേഷം മാത്രമേ കടത്തി വിടാറുള്ളൂ. അത്യാവശ്യ ഘട്ടങ്ങളിൽ റാപ്പിഡ് ടെസ്റ്റ് കിറ്റുകൾ ഉപയോഗിച്ചുള്ള പരിശോധനയും നടത്തി വരുന്നു. |
| **സി)** | സിറം പരിശോധന നടത്തുന്ന പക്ഷം, പരിശോധനാ റിസൾട്ട് ലഭിക്കുന്നതുവരെ പ്രസ്തുത അറവുമാടുകളെ ചെക്ക്പോസ്റ്റിൽ താല്ക്കാലികമായി സംരക്ഷിച്ച് നിരീക്ഷിക്കുവാനുള്ള സംവിധാനമുണ്ടോ എന്നറിയിക്കാമോ; | **സി)** | ചെക്ക്പോസ്റ്റുകളിൽ ഭൗതിക പരിശോധനയാണ് നടത്തുന്നത്.പക്ഷിപ്പനി, കുളമ്പ് രോഗം തുടങ്ങിയ രോഗങ്ങളുടെ ഭീഷണി നിലനിൽക്കുന്ന ഘട്ടങ്ങളിൽ റാപ്പിഡ് ടെസ്റ്റ് കിറ്റുകൾ ഉപയോഗിച്ച് രോഗ നിർണ്ണയം നടത്തുകയും സംശയം തോന്നുന്ന മൃഗങ്ങളെ തിരിച്ചയക്കുകയും ചെയ്യുന്നു. മൃഗങ്ങളെ ചെക്ക് പോസ്റ്റുകളിൽ സൂക്ഷിക്കുന്നതിനുള്ള സംവിധാനം ഇല്ല . |
| **ഡി)** | ചെക്പോസ്റ്റുകൾ വഴി രോഗബാധിതരായ അറവുമാടുകളെ പരിശോധനയില്ലാതെ കടത്തിക്കൊണ്ടു വരുന്നത് തടയുന്നതിനായി നിലവിലുള്ള നിയമങ്ങൾ കർശനമായി പാലിക്കുന്നതിന് വേണ്ട നിർദ്ദേശം നൽകുമോ എന്നറിയിക്കാമോ ? | **ഡി)** | നിലവിലുള്ള നിയമങ്ങൾ കർശനമായി പാലിക്കുന്നതിന് വേണ്ട നിർദ്ദേശം നല്കിയിട്ടുണ്ട്. |

സെക്ഷൻഓഫീസർ